**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3841 — 20-07-2015 – ൽ മറുപടിയ്ക്ക്

# സയൻസ് സിറ്റി സ്ഥാപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .കെ.എസ് .ശബരിനാഥൻ :<br>ശ്രീ .എം.എ . വാഹീദ് :<br>ശ്രീ .എം.പി .അബ്ദുള്ളക്കുട്ടി :<br>ശ്രീ .ബെന്നി ബെഹനാൻ : | ശ്രീ .പി .കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് സയൻസ് സിറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ;വിശദമാക്കുമോ; | എ) ഉദ്ദേശിക്കുന്നുണ്ട്. കോട്ടയം ജില്ലയിൽ കുറവിലങ്ങാട് താലൂക്കിൽ സയൻസ് സിറ്റി സ്ഥാപിക്കുന്ന പണി പുരോഗമിച്ചുവരുന്നു. സയൻസ് സിറ്റിയിൽ സയന്റിഫിക് ഗ്യാലറി അടിസ്ഥാന ശാസ്ത്ര പരീക്ഷണശാലകൾ, ഹൈ-ടെക് ക്ലാസ് റൂം, സയൻസ് ആന്റ് എനർജി പാർക്ക്, ബട്ടർഫ്ളൈ പാർക്ക്, ഇവല്യൂഷൻ പാർക്ക്, മോഷൻ സിമുലേറ്റർ (ത്രില്ലേറിയം), മ്യൂസിക്കൽ ഫൌണ്ടേൻ വിത്ത് ലേസർ മൾട്ടിമീഡിയ, സയൻസ് ലൈബ്രറി, ഓഡിറ്റോറിയം, സെമിനാർ ഹാൾ, കോൺഫറൻസ് ഹാളിൽ, വൈ-ഫൈ വൈമാക്സ് ക്യാമ്പസ്, റോപ് കാർ, ഫുഡ് കോർട്ട് എന്നിവ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ ; | ബി) ശാസ്ത്ര സാങ്കേതിക മേഖലകളിലെ വളർച്ച അവ മനുഷ്യപുരോഗതിയുടെ വ്യാവസായിക നേട്ടങ്ങൾക്ക് എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നതിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാ ക്കുന്നതിന് . അതിലുപരി വിദ്യാർത്ഥികളിൽ ശാസ്ത്ര അഭിരുചി വളർത്തുവാനും ആണ് ഈ ശാസ്ത്ര നഗരി ലക്ഷ്യമിടുന്നത്. |
| സി) ഇതിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ് ഇത്. രണ്ടു സർക്കാരിൽ നിന്നും ലഭിക്കുന്ന ധനം ഉപയോഗിച്ച് ഇത് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) സർക്കാർ അനുവദിച്ച 30 ഏക്കർ സ്ഥലത്തിൽ ചുറ്റമതിൽ നിർമ്മാണം പൂർത്തിയായി. കേന്ദ്ര സംസ്ഥാന സർക്കാരിന്റെ സംയുക്ത സംരംഭമായ സയൻസ് സെന്ററിന്റെ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെയും എക്സിബിഷൻ ബ്ലോക്കിന്റെയും പണി പുരോഗമിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നാഷണൽ കൌൺസിൽ ഓഫ് സയൻസ് മ്യൂസിയ ത്തിന്റെ സഹായത്തോടെ നടപ്പാക്കി വരുന്നു. സ്പേസ് തിയേറ്റർ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ശാസ്ത്ര സാങ്കേതിക മ്യൂസിയം ആരംഭിച്ചിട്ടുണ്ട്. മോഷൻ സിമുലേറ്റർ, എൻട്രൻസ് പ്ലാസാ, ഓപ്പൺ എയർ ആംഫി തിയേറ്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു. ശാസ്ത്ര സാങ്കേതിക |

| | |
|---|---|
| | മ്യൂസിയത്തിന്റെ സൈറ്റ് ഓഫീസ് അവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ